(ബി) കാണാതാകുന്നവരെ രക്ഷപ്പെടുത്തുന്നതിനുള്ള സ്ഥിരം സംവിധാനമാണ് 'എ' വിഭാഗത്തിനുള്ള മറുപടിയിൽ നല്കിയിരിക്കുന്നത്. കാണാതായവർ തിരിച്ചെത്തുന്നതുവരെ അടുത്ത ബന്ധുക്കൾക്ക് ചെറിയ തോതിലുള്ള അടിയന്തിരാശ്വാസം മത്സ്യബോർഡ് ചെയർമാന്റെ ആശ്വാസനിധിയിൽ നിന്നും അർഹമായ കേസുകളിൽ നല്കുന്നതിനും ഇപ്പോൾ തന്നെ സംവിധാനമുണ്ട്.

(സി) ഇത്തരത്തിലുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നല്കിയിട്ടുണ്ട്.

വിദ്യാലയങ്ങളിൽ മെഡിക്കൽ കേഡറ്റ് കോർപ്പ്സ് പദ്ധതി

21 (*261) ശ്രീമതി ആർ. ലാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മെഡിക്കൽ കേഡറ്റ് കോർപ്പ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു ; വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ 25 ഹൈസ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഈ പദ്ധതിക്ക് പ്രത്യേക പാഠ്യപദ്ധതി നിലവിലില്ല. എങ്കിലും ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

കോളേജുകളിൽ ശനിയാഴ്ച കൂടി അദ്ധ്യയന ദിനമാക്കുന്ന നടപടി

22 (*262) ശ്രീ. എം. മുരളി
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കോളേജുകളിൽ ശനിയാഴ്ച കൂടി അദ്ധ്യയന ദിവസമാക്കുന്നത് സംബന്ധിച്ച് യു.ജി.സി.യുടെ നിർദ്ദേശം വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഒരു കോളേജ് അദ്ധ്യാപകന് ഒരാഴ്ചയിൽ എത്ര മണിക്കൂർ ക്ലാസ്സ് എടുക്കേണ്ടതുണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly